**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 336** **01-07-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ റാങ്കിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്തെ വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ റാങ്കിംഗിൽ കേരളത്തിന് നേട്ടമുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്സ് റാങ്കിങ്ങിൽ 28-ാം സ്ഥാനത്ത് നിന്നും 15-ാം സ്ഥാനത്തേക്ക് റാങ്ക് മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. രാജ്യങ്ങളെ ബിസിനസ്സ് അന്തരീക്ഷത്തെ അടിസ്ഥാനമാക്കി റാങ്ക് ചെയ്യുന്നതിനായി ലോക ബാങ്ക് ആരംഭിച്ച ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് (EoDB) എക്സർസൈസ് പ്രകാരം, 2014 മുതൽ, കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറ്റേണൽ ട്രേഡ് (DPIIT), സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും നടപ്പിലാക്കുന്നതിനായി സ്റ്റേറ്റ് ബിസിനസ്സ് റീഫോംസ് ആക്ഷൻ പ്ലാൻ (SBRAP) നടപ്പിലാക്കി വരുന്നുണ്ട്.<br><br>സംസ്ഥാനത്തിന്റെ ബിസിനസ്സ് അന്തരീക്ഷം ഉത്തേജിപ്പിക്കുന്നതിനായി നിരവധി പരിഷ്കരണ പദ്ധതികൾ ആരംഭിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഈ ഉദ്യമത്തിൽ സജീവമായി പങ്കെടുത്തിട്ടുണ്ട്. കഴിഞ്ഞ ആറ് വർഷത്തിനിടെ, ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറ്റേണൽ ട്രേഡ് (DPIIT) സംസ്ഥാനങ്ങളിൽ നടപ്പിലാക്കാനായി നല്കുന്ന പരിഷ്കരണ ശുപാർശകൾ നടപ്പാക്കുന്നതിൽ, 2016-ൽ 22.8% എന്ന സ്കോറിൽ നിന്ന്, 2022-ൽ 91% എന്ന സ്കോറിലേക്ക്, ഗണ്യമായ വർദ്ധന, സംസ്ഥാനം കൈവരിച്ചിട്ടുണ്ട്. ഇതിലൂടെ രാജ്യത്തെ വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ റാങ്കിംഗിൽ സംസ്ഥാനത്തിന്റെ റാങ്ക് 28 ഇൽ നിന്നും 15-ലേക്ക് ഉയർന്നിട്ടുണ്ട്. |
| (ബി) | വ്യവസായ സൗഹൃദ റാങ്കിംഗിൽ സംസ്ഥാനത്തിന്റെ ലക്ഷ്യം എന്താണ്; പ്രസ്തുത ലക്ഷ്യം നേടുന്നതിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (ബി) | വ്യവസായ സൗഹൃദ റാങ്കിംഗിൽ ഏറ്റവും മുന്നിലെത്തുക എന്നതാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം. ഇതിനായി സംസ്ഥാനത്തെ വ്യവസായ |

സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും ഉത്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വ്യവസായ വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനാണ് ലക്ഷ്യമിടുന്നത്.

സംയോജിത ശ്രമങ്ങളിലൂടെ പ്രോത്സാഹനാത്മകമായ ബിസിനസ്സ് അന്തരീക്ഷം നിർമ്മിച്ചെടുക്കുക, അതിനാവശ്യമായ നിയമപരിഷ്കാരങ്ങൾ, നിക്ഷേപകരുമായുള്ള ഇടപാടുകൾ നവീനമാക്കുന്ന ഡിജിറ്റൽ പരിഷ്കാരങ്ങൾ, പരാതി പരിഹാര സംവിധാനങ്ങൾ എന്നിവ ഒരുക്കുകയും, മെച്ചപ്പെടുത്തുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങളാണ് വ്യവസായ സൗഹൃദ റാങ്കിങ്ങിന്റെ ഭാഗമായി സംസ്ഥാനം ലക്ഷ്യമിടുന്നത്. അത്തരത്തിൽ വ്യവസായ സൗഹൃദ സൂചികയിലെ സ്ഥാനം മെച്ചപ്പെടുത്തുന്നതിലൂടെ, കൂടുതൽ നിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാനാകുമെന്നും പ്രതീക്ഷിക്കുന്നു. ഇതിനായി കേന്ദ്രസർക്കാർ പുറത്തിറക്കുന്ന സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിൽ (SBRAP) നിർദ്ദേശിച്ചിരിക്കുന്ന പരിഷ്കരണ പ്രവർത്തനങ്ങൾ സംസ്ഥാനം നടപ്പിലാക്കാറുണ്ട്. വിവിധ വകുപ്പുകളുടെ പരിധിയിൽ, വിവിധ മേഖലകളിലായി, വ്യാപിച്ചുകിടക്കുന്ന ഇത്തരം പരിഷ്കരണ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ ബിസിനസ്സ് അന്തരീക്ഷത്തെ മൊത്തത്തിൽ മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു. ഇതിനായി വിവിധ വകുപ്പുകളുമായി ചേർന്ന് പരിഷ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള പദ്ധതികൾ തയ്യാറാക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പരിഷ്കരണങ്ങളുടെ വിശദ വിവരങ്ങൾ ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറ്റേണൽ ട്രേഡിന് (DPIIT), സമയബന്ധിതമായി സമർപ്പിക്കുകയും ചെയ്തു വരുന്നു.

| | | | |
|---|---|---|---|
| (സി) | ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടത്തിയിട്ടുള്ള നിയമഭേദഗതികൾ വ്യവസായ സൗഹൃദ റാങ്കിംഗിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കുന്നതിന് സംസ്ഥാനത്തിന് സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സൂചികയിൽ സംസ്ഥാനത്തിന്റെ സ്ഥാനം മെച്ചപ്പെടുത്തുന്നതിനായി വിവിധ നിയമനിർമ്മാണങ്ങളും, നിയമഭേദഗതികളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും, അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതാത് വകുപ്പുകൾ ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്.<br><br>ഇതോടൊപ്പം 2019-ൽ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് കൈപ്പറ്റ് സാക്ഷ്യപത്രം കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കും. മേൽപറഞ്ഞ നിയമ പരിഷ്കരണങ്ങളിലൂടെ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാൻ മുന്നോട്ട് വരുന്ന നവസംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ഒരുപോലെ പ്രോത്സാഹനം നൽകുവാനും, അഭിപ്രായ സർവേ എന്നതൊരു പ്രധാന മാനദണ്ഡമായി വരുന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിങ്ങിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കുവാനും സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. |
| (ഡി) | ഇതിലൂടെ കൈവരിച്ച പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്കും നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിനും ആവശ്യമായ വിവിധ അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി മെച്ചപ്പെട്ട ഓൺലൈൻ ഏകജാലക സംവിധാനം, വിവിധ സ്ഥാപനങ്ങളിൽ നടത്തുന്ന പരിശോധന നടപടിക്രമങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും കൊണ്ടുവരിക എന്ന |

| | | | |
|---|---|---|---|
| | | | ലക്ഷ്യത്തോടെ നടപ്പിലാക്കിയ കേന്ദ്രീകൃത പരിശോധന സംവിധാനം, വ്യവസായങ്ങൾ ആരംഭിക്കുന്നതും പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട്, കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകളുടെ പരിഷ്കരണം എന്നിങ്ങനെ വ്യവസായ സൗഹൃദ സൂചിക നിശ്ചയിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനം നടപ്പിലാക്കിയ പരിഷ്കരണ പ്രവർത്തനങ്ങൾ ഒട്ടനവധിയാണ്. മേൽ സൂചിപ്പിച്ച പരിഷ്കരണ പ്രവർത്തനങ്ങളിലൂടെ ഉണ്ടായിട്ടുള്ള ഇത്തരം പുരോഗതികൾ, സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വ്യവസായിക വളർച്ചയ്ക്ക് കാരണമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ